




# പിഞ്ചു ബാലികയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസ്സിൽ മൂന്നു പേർ കൂടി അറസ്റ്റിൽ

നാലു വയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ച് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം മൃതദേഹം ചാക്കിലാക്കി റെയി ൽവേ ട്രാക്കിനടുത്ത് ഉപേക്ഷിച്ച സംഭവത്തി ൽ ഭിക്ഷാടന സംഘത്തിലെ മൂന്നു പേരെക്കൂടി പാലക്കാട് ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തു.

തമിഴ്നാട്, ചെന്നൈ, കിഴക്ക് താമ്പരം സ്വദേശി പടയപ്പ എന്ന സത്യ , വ : 27, തിരുപ്പൂർ, കാദർ പേട്ട, MGR കോളനി സ്വദേശിനി സുലൈഹ എന്ന ഖദീജാബീവി , വ :40, ഈറോഡ്, ഗോപിച്ചെട്ടിപ്പാളയം സ്വദേശിനി ഫാത്തിമ എന്ന കവിത , വ :40 എന്നിവരെയാണ് ടൗൺ നോർത്ത് ഇ ൻസ്പെക്ടർ C. അലവിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ആലുവയിൽ നിന്നും കസ്റ്റഡിയിലെടുത്തത്. ഇവരെ സ്റ്റേഷനിലെത്തിച്ച് വിശദമായി ചോദ്യം ചെയ്തതിൽ കുറ്റം സമ്മതിച്ചു. ഇതോടെ ഈ കേസ്സി ൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി. ഇവരുടെ സംഘത്തി ൽ ഉ ൾപ്പെട്ട തിരുവള്ളുവ ർ സ്വദേശി സുരേഷ് , വ : 40, തഞ്ചാവൂർ , പട്ടുക്കോട്ടൈ സ്വദേശിനി ഫെമിന പിച്ചൈക്കനി , വ : 21 എന്നിവരെ കഴിഞ്ഞയാഴ്ച തിരുപ്പൂരിൽ നിന്നും പിടികൂടിയിരുന്നു. അവരെ ചോദ്യം ചെയ്തതി ൽ നിന്നുമാണ് കൂട്ടുപ്രതികളെക്കുറിച്ചുള്ള വിവരം ലഭിച്ചത്.




ഇതോടെ ഈ കേസ്സിലെ മുഴുവൻ പ്രതികളും അറസ്റ്റിലായി. പ്രതികളെല്ലാം മദ്യത്തിനും , കഞ്ചാവിനും അടിമ കളാണ്. പടയപ്പ കേരളത്തിലെ വിവിധ യിടങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് കഞ്ചാവ് എത്തിച്ചു കൊടുക്കുന്നതായി വിവരം ലഭിച്ചു. ടൗൺ നോർത്ത് പോലീസിന്റെ പഴുതടച്ച അന്വേഷണമാണ് പ്രതികളെ വലയിലാക്കാൻ സാധിച്ചത്.

പാലക്കാട് DySP G.D. വിജയകുമാർ , ടൗൺ നോർത്ത് ഇൻസ്പെക്ടർ C. അലവി, S.I. R. രഞ്ജിത്ത്, SI. R.രാജേഷ്, ASI മാരായ നന്ദകുമാർ, സതീഷ് കുമാർ ക്രൈം സ്ക്വാഡ് അംഗങ്ങളായ P. H.നൗഷാദ്, R. കിഷോർ, M. സുനിൽ, M.ഷിബു, K. അഹമ്മദ് കബീർ, R. വിനീഷ്, S. സന്തോഷ് കുമാർ, S.സജീന്ദ്രൻ, R. രാജീദ്, S. ഷമീർ ,വനിതാ SCPO സുധ എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തിയത്.

